## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 408 29.06.2015-ൽ മറുപടിയ്ക്ക്

## സമ്പൂർണ്ണ വൈദ്യുതവത്ക്കരണം.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ടി. എൻ. പ്രതാപൻ :<br>ശ്രീ. അൻവർ സാദത്ത് :<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :<br>ശ്രീ. കെ. ശിവദാസൻ നായർ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനം സമ്പൂർണ്ണ വൈദ്യുതവത്ക്കരിക്കാൻ ഏതെല്ലാം പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത് എന്ന് വിശദമാക്കുമോ ; | (എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതി, ദീൻ ദയാൽ ഉപാധ്യായ ഗ്രാമ യോജന പദ്ധതി, സംസ്ഥാന സർക്കാരിന്റെയും പട്ടിക ജാതി പട്ടിക വർഗ്ഗ വകുപ്പിന്റെയും ഫണ്ട് എന്നിവയിലൂടെയാണ് സമ്പൂർണ വൈദ്യുതീകരണം സംസ്ഥാനത്ത് പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുള്ളത്. |
| (ബി) എത്ര പുതിയ സർവ്വീസ് വൈദ്യുതി കണക്ഷനുകളാണ് ഇതനുസരിച്ച് നൽകാൻ ലക്ഷ്യമിട്ടിട്ടുള്ളത് ; വിശദാംശങ്ങൾ നൽകാമോ ; | (ബി) രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതി അനുസരിച്ച് 57356 പുതിയ കണക്ഷനുകളും, ഇപ്പോൾ പുതുതായി നിലവിൽ വന്ന ദീൻ ദയാൽ ഉപാധ്യായ ഗ്രാമ യോജന പദ്ധതി പ്രകാരം നിർദ്ധനർക്ക് ഏകദേശം 1 ലക്ഷം കണക്ഷനുകളും നൽകാൻ ലക്ഷ്യമിട്ടിട്ടുണ്ട്. രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതിയിലൂടെ ഇതിനകം 92175 പുതിയ കണക്ഷനുകൾ നൽകിക്കഴിഞ്ഞു. അതിന്റെ ജില്ല തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു. |

| ക്രമ നം | ജില്ല | സർവീസ് കണക്ഷൻ - ലക്ഷ്യമിട്ടിരുന്നത് | സർവീസ് കണക്ഷൻ - നൽകിയത് |
|---|---|---|---|
| 1 | കാസർഗോഡ് | 4194 | 6616 |
| 2 | കണ്ണൂർ | 5136 | 9347 |

| | | | |
|---|---|---|---|
| 3 | കോഴിക്കോട് | 11920 | 9741 |
| 4 | വയനാട് | 5415 | 9959 |
| 5 | പാലക്കാട് | 3955 | 18215 |
| 6 | മലപ്പുറം | 7897 | 10360 |
| 7 | തൃശ്ശൂർ | 2678 | 3197 |
| 8 | എറണാകുളം | 3828 | 1575 |
| 9 | ആലപ്പുഴ | 5486 | 5388 |
| 10 | കോട്ടയം | 1118 | 2423 |
| 11 | പത്തനംതിട്ട | 1977 | 2120 |
| 12 | കൊല്ലം | 718 | 5009 |
| 13 | തിരുവനന്തപുരം | 3034 | 8225 |

(സി) ഏതെല്ലാം കേന്ദ്ര പദ്ധതികളനുസരിച്ചാണ് ഈ ലക്ഷ്യം കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) കേന്ദ്രാവിഷ്കൃത പദ്ധതിയായ രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതി, ദീൻ ദയാൽ ഉപാധ്യായ ഗ്രാമ യോജന പദ്ധതി എന്നിവയിലൂടെയാണ് ഈ ലക്ഷ്യം കൈവരിക്കാൻ ഉദ്ദേശിച്ചിരിക്കുന്നത്.

(ഡി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് സ്വീകരിച്ചിട്ടുള്ളത് എന്നതിന്റെ വിശദാംശങ്ങൾ നൽകാമോ ?

(ഡി) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫലപ്രദവും സുഗമവുമായ നടത്തിപ്പിന് വൈദ്യുത ബോർഡിൽ നിലവിലുള്ള പ്രത്യേക വിഭാഗം ജോലികളുടെ നടത്തിപ്പുകൾ യഥാസമയം നിരീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്തു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ.